പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 279 | 07.10.2016-ലെ മറുപടിക്ക്

## പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. സി.കെ. ആശ<br>" ഇ.എസ്. ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>" ഇ.ടി. ടൈസൺ മാസ്റ്റർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | പരിസ്ഥിതി സൗഹൃദ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിന്റെ ആദ്യ പടിയെന്നോണം കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിൽ ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സിയിൽ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി ഇന്ധനം ലഭ്യമാകുന്നതോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി ഇന്ധനം ലഭ്യമാക്കുന്നതോടെ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തൊട്ടിൽപാലം ഡിപ്പോയിൽ 09.09.2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസുകൾ ഓടുന്നത്. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ |

| | | | |
|---|---|---|---|
| | | | ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 11 നിർദ്ദേശങ്ങളോട് കൂടിയ പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിൽ മിക്ക നിർദ്ദേശങ്ങളും കോർപ്പറേഷൻ നടപ്പിലാക്കുകയും ചെയ്തു.<br>M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ച് കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി 2014-ൽ ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുകയും ആയതിൽ പ്രധാന നിർദ്ദേശങ്ങളിലൊന്നായ കൂടുതൽ പലിശ നിരക്കിലും കുറഞ്ഞ കാലയളവിൽ ഉള്ളതുമായ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള 1300 കോടി രൂപയുടെ വായ്പ 9 വാണിജ്യ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലയളവിലും ഉള്ള വായ്പയാക്കി മാറ്റുകയും ചെയ്തു. കൂടാതെ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി സർക്കാർ യാത്രാ ടിക്കറ്റിന്മേൽ സെസ് ഏർപ്പെടുത്തുകയും 20 കോടി രൂപ സർക്കാർ വായ്പയായി പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് നൽകി വരികയും ചെയ്തിരുന്നു (നിലവിൽ ഈ തുക 27.5 കോടി രൂപയാണ്). |

സെക്ഷൻ ഓഫീസർ